## പതിമൂന്നാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാചോദ്യം നം: 1451

13.06.2014 ലെ
മറുപടിയ്ക്ക്

### ന്യൂനപക്ഷക്ഷേമം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാജു എബ്രഹാം | | ശ്രീ. മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷ ക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | ന്യൂനപക്ഷക്ഷേമത്തിനായി പ്രത്യേക വകുപ്പ് രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്നു മുതൽ; | (എ) | ഉണ്ട്. 01.01.2011 മുതൽ (സ.ഉ(പി)നം.2/11/പൊ.ഭ.വ തീയതി 01.01.2011 പ്രകാരം) |
| (ബി) | ന്യൂനപക്ഷ വിഭാഗങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയെന്ന് ഇനം തിരിച്ച് വിശദമാക്കുമോ; | (ബി) | 1. കോളേജ് വിദ്യാഭ്യാസ വകുപ്പ് മുഖേന നടപ്പാക്കുന്ന സി.എച്ച്.മുഹമ്മദ്കോയ മുസ്ലീം ഗേൾസ് സ്കോളർഷിപ്പ് (തുടർ പദ്ധതി)<br>2. യു.പി.എസ്.സി, പി.എസ്.സി, ബാങ്കിംഗ് സർവ്വീസ് പരീക്ഷകൾക്ക് ഹ്രസ്വകാല പരിശീലനം നൽകുന്നതിന് മുസ്ലീം യുവജനതയ്ക്കായുള്ള പരിശീലന കേന്ദ്രങ്ങൾ (സംസ്ഥാനത്തെ 14 ജില്ലകളിലായി 16 കേന്ദ്രങ്ങൾ പ്രവർത്തിച്ചു വരുന്നു.)<br>3. മദ്രസ്സാദ്ധ്യാപക ക്ഷേമനിധി പെൻഷൻ പദ്ധതി (തുടർ പദ്ധതി)<br>കൂടാതെ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്ന വിവിധ പദ്ധതികളും നടപ്പാക്കി വരുന്നു.<br>നടപ്പ്വർഷം താഴെ ചേർത്ത പദ്ധതികൾ നടപ്പാക്കി വരുന്നു.<br>1. ന്യൂനപക്ഷ കേന്ദ്രീകൃത പ്രദേശങ്ങളിൽ ജലവിതരണ പദ്ധതി<br>2. സി.എ/ഐ.സി.ഡബ്ല്യൂ.എ/സി.എസ് കോഴ്സുകൾക്ക് പഠിക്കുന്നവർക്കുള്ള സ്കോളർഷിപ്പ്<br>3. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്ക് കരിയർ ഗൈഡൻസ് പദ്ധതി.<br>4. ദ്വിവൽസര ഐ.റ്റി.സി കോഴ്സുകൾക്ക് പഠിക്കുന്ന ന്യൂനപക്ഷ ബി.പി.എൽ വിദ്യാർത്ഥികൾക്ക് ഫീ-റീഇംബേഴ്സ്മെന്റ് സ്കീം.<br>5. ന്യൂനപക്ഷവുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ ഗവേഷണത്തിന് ഷോർട്ട് ടേം റിസർച്ച് ഫെല്ലോഷിപ്പ്.<br>6. ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട വിധവകൾക്ക്/ വിവാഹ മോചിതർക്ക് ഭവന പദ്ധതി<br>7. വയനാട് ജില്ലയിലെ നാല് ബ്ലോക്കുകൾ, മലപ്പുറം ജില്ലയിലെ പൊന്നാനി ടൗൺ എന്നിവിടങ്ങളിൽ നടപ്പിലാക്കുന്ന ബഹുമുഖ വികസന പദ്ധതി. (എം.എസ്.ഡി.പി)<br>8. കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ വിവിധ വായ്പാ പദ്ധതികൾ. |

| | | | |
|---|---|---|---|
| (സി) | കഴിഞ്ഞ സാമ്പത്തിക വർഷം വിവിധ പദ്ധതികൾ വഴി ന്യൂനപക്ഷക്ഷേമത്തിനായി ചെലവാക്കിയ തുക എത്രയെന്ന് ഇനം തിരിച്ച് വിശദമാക്കുമോ ; | (സി) | 2013-14 വർഷത്തെ പദ്ധതി ചെലവ് കണക്കുകളുടെ പട്ടിക **അനുബന്ധമായി** ചേർക്കുന്നു |
| (ഡി) | ഏതൊക്കെ മത-ജാതി വിഭാഗങ്ങളെയാണ് ന്യൂനപക്ഷമായി കണക്കാക്കുന്നത് | (ഡി) | മുസ്ലീം, ക്രിസ്ത്യൻ, ബുദ്ധ, സിഖ്, പാഴ്സി, ജൈനർ എന്നീ മതവിഭാഗങ്ങളെയാണ് ന്യൂനപക്ഷമായി കണക്കാക്കിയിട്ടുള്ളത്. |
| (ഇ) | ന്യൂനപക്ഷക്ഷേമത്തിനായി പ്രത്യേക വികസന കോർപ്പറേഷൻ രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ എന്തൊക്കെ പദ്ധതികളാണ് പ്രസ്തുത കോർപ്പറേഷൻ മുഖേന നടപ്പാക്കുന്നത്; | (ഇ) | ഉണ്ട്. സ്വയംതൊഴിൽ, വിദ്യാഭ്യാസ വായ്പ, മൈക്രോഫിനാൻസ്, ലഘുവായ്പ, സൗജന്യ തൊഴിൽ പരിശീലനം എന്നിവയാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്നത്. സ്വയം തൊഴിൽ സംരംഭം നടത്തുന്നതിനായി 2% മുതൽ 6% വരെ നിരക്കിൽ വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ, നാഷണൽ മൈനോറിറ്റീസ് & ഫിനാൻസ് കോർപ്പറേഷന്റെ സംസ്ഥാന ചാനലൈസിംഗ് ഏജൻസിയായി പ്രവർത്തിക്കുന്നു. |
| (എഫ്) | ന്യൂനപക്ഷക്ഷേമ കോർപ്പറേഷൻ രൂപീകരിച്ചിട്ടില്ലെങ്കിൽ രൂപീകരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കുമോ? | (എഫ്) | ഉദിക്കുന്നില്ല. |

സെക്ഷൻ ഓഫീസർ

അനുബന്ധം

**കഴിഞ്ഞ സാമ്പത്തിക വർഷം വിവിധ പദ്ധതികൾ വഴി**

**ന്യൂനപക്ഷക്ഷേമത്തിനായി ചെലവാക്കിയ തുക**

| ക്രമ നം | പദ്ധതിയുടെ പേര് | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള കരിയർ ഗൈഡൻസ് പ്രോഗ്രാം | 20 |
| 2 | സി.എ/ ഐ.സി.ഡബ്ല്യു.എ/ സി.എസ് സ്കോളർഷിപ്പ് പദ്ധതി | 19.98 |
| 3 | ന്യൂനപക്ഷമേഖലയിലെ ഗവേഷണത്തിന് ഹ്രസ്വകാല ഫെല്ലോഷിപ്പ് നൽകുന്ന പദ്ധതി | 2.54387 |
| 4 | ന്യൂനപക്ഷ വിധവകൾക്കും, വിവാഹബന്ധം വേർപെടുത്തിയവർക്കുമുള്ള ഭവന നിർമ്മാണ പദ്ധതി | 1900 |
| 5 | ന്യൂനപക്ഷ കേന്ദ്രീകൃത വില്ലേജുകളിലെ കുടിവെള്ള പദ്ധതി | 400 |
| 6 | ഐറ്റിസിയിൽ പഠിക്കുന്ന ന്യൂനപക്ഷ വിദ്യാർത്ഥികൾക്കുള്ള ഫീ റീ-ഇംബേഴ്സ് മെന്റ് സ്കീം | 100 |
| 7 | കേരള സംസ്ഥാന ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ | 840 |
| 8 | ബഹുമുഖ വികസന പദ്ധതി (MSDP)-വയനാട് ജില്ലയിലെ 4 ബ്ലോക്കുകളിലും പൊന്നാനി ടൗണിലുമായിട്ടുള്ള വിവിധ പദ്ധതികൾ (2013-14) | 1532.51 |
| | ആകെ | **4815.03** |

സെക്ഷൻ ഓഫീസർ